നെൽകൃഷി ചെയ്യുന്നതിനുവേണ്ടി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിന് പരമാവധി 5000 രൂപ ധനസഹായം നൽകുന്നതാണ്. വനിതകൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും "വനിതകൾ കൃഷിയിൽ" (Women in Agriculture) പദ്ധതി 2003-04 മുതൽ ആരംഭിച്ച് നടപ്പിലാക്കിവരുന്നു. 2003-04 വർഷത്തിൽ ഇതിനായി 30 ലക്ഷം രൂപയും 2004-05 വർഷത്തിൽ 70 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. 2005-06 വർഷത്തിൽ 152 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതുവരെയായി 4000-ൽപ്പരം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കാരണം കാർഷിക മേഖലയിൽ വനിതകൾക്ക് വരുമാനം ലഭിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും തന്മൂലം കേരളത്തിലെ കർഷകന്റെ വരുമാനം ഉയർത്തുവാനുമുദ്ദേശിച്ചുള്ളതാണ്.

ക്ഷീര കർഷക ക്ഷേമനിധി

71 [1010] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ക്ഷീരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ക്ഷീര കർഷക ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് അംശദായം പിരിച്ചടയ്ക്കാത്ത സംഘം ഭരണസമിതികളെ പിരിച്ചുവിടണമെന്ന് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) അംശദായം പിരിച്ചടയ്ക്കാത്ത ക്ഷീര സംഘം ഭരണസമിതികളെ ഉദ്യോഗസ്ഥന്മാർ ഭീഷണിപ്പെടുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കേരള സർക്കാർ ഓർഡിനൻസ് നമ്പർ 16250/ലെഗ്.യൂണി.1 നിയമം പ്രകാരം ക്ഷീര കർഷക ക്ഷേമനിധി 24-8-2005-ൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രാഥമിക ക്ഷീര സഹകരണ സംഘത്തിലെ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, സാമ്പത്തിക സഹായം, മറ്റ് ക്ഷേമ പദ്ധതികൾ എന്നിവ നൽകുന്നതിനാണ് ക്ഷേമ പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ഇല്ല. ഓർഡിനൻസ് പ്രകാരം അംശദായം അടയ്ക്കുന്നതിനുള്ള നിർദ്ദേശം ക്ഷീര സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly